കേരള സർക്കാർ

# ഇടപ്പള്ളി ബ്ലോക്ക്പഞ്ചായത്ത്
# 2016-17
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇ.കെ.എം(ബി.പി.)2037/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം , സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682 030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in
തീയതി :5-12-2017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ
ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.
***************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3-ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്(കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ് :
1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, എറണാകുളം.
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.-ഇ.കെ.എം(ബി.പി.)2037/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം , സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682 030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in
തീയതി :5-12-2017

എറണാകുളം ജില്ലയിലെ ഇടപ്പള്ളി ബ്ലോക്ക്പഞ്ചായത്തിന്റെ **2016-17** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്
*************************************

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഇടപ്പള്ളി ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭിച്ച വിശദീകരണവും മറുപടിയും പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി ധന്യ ബാലകൃഷ്ണൻ ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.10.2017 മുതൽ 27.10.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | സാലി ജോസഫ്,ഓഡിറ്റ് ഓഫീസർ |
| | ജലജ എം. കെ. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ഷെഫീക്ക് എം, ,സീനി.ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീ.എം.ആർ.ആന്റണി | 01.4.16 | 31.3.2017 |
| വൈസ് പ്രസിഡന്റ് | ശ്രീമതി.ലില്ലി ആൽബർട്ട് | 01.4.16 | 31.3.2017 |

സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ്

| | | | |
|---|---|---|---|
| വികസന കാര്യം | ശ്രീ.വി.എ.ജോസഫ് | 01.4.16 | 31.3.2017 |
| ക്ഷേമകാര്യം | ശ്രീമതി.സെലിൻ ചാൾസ് | 01.4.16 | 31.3.2017 |
| വിദ്യാഭ്യാസം & ആരോഗ്യകാര്യം | ശ്രീ.ഇ.കെ.പുഷ്കരൻ | 01.4.16 | 31.3.2017 |
| സെക്രട്ടറി | ശ്രീ.എ.കെ.തോമസ് | 01.4.2016 | 23.6.2016 |
| | ശ്രീ.കുഞ്ഞുമോൻ | 24.6.2016 | 31.3.2017 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസി.ഡയറക്ടർ, കൃഷി | ശ്രീമതി. ഷീബ.കെ.എസ്. | 01.4.2016 | 31.03.2017 |

| | | | |
|---|---|---|---|
| മെഡിക്കൽ ഓഫീസർ, മാലിപുറം | ഡോ.അപ്പു സിറിയക്ക്. | 01.4.2016 | 31.03.2017 |
| മെഡിക്കൽ ഓഫീസർ, ചേരാനെല്ലൂർ | ഡോ. ഷേർളി ജോർജ്ജ് | 01.4.2016 | 25.07.2016 |
| | ഡോ. ശ്രീരേഖ വി എസ് | 26.7.16 | 31.03.2017 |
| മെഡിക്കൽ ഓഫീസർ,പിഴല | ഡോ.ദിവ്യ | 01.4.2016 | 31.03.2017 |
| സി.ഡി.പി.ഒ ഇടപ്പള്ളി | ശ്രീമതി. സൈന.കെ.ബി. | 01.4.2016 | 31.03.2017 |
| സി.ഡി.പി.ഒ കളമശേരി | ശ്രീമതി.മാലതി എച്ച് | 01.4.2016 | 31.03.2017 |
| എസ്.സി.ഡി.ഒ. | ശ്രീമതി.പ്രീതാ പ്രിയദർശിനി.കെ. ഗ്രിഗോറിയോസ്. | 01.4.2016 | 31.03.2017 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ. | ശ്രീമതി. പ്രിയ ജോസഫ്. | 01.04.2016 | 31.03.2017 |
| അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി. സാറ സൂര്യ ജോർജ്ജ് | 01.04.2016 | 31.03.2017 |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം – 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക – പരിശോധിച്ച വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം - 2 | |
| 12 | ഇ- ടെണ്ടർ ഫോറവില – ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമാക്കിയില്ല | 2-1 |
| | ഭാഗം – 3 | |
| 13 | സി.ഡി.പി.ഒ ഓഫീസുകളിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ- അധികം ചെലവഴിച്ച 9,594രൂപ നിരാകരിക്കുന്നു | 3-1 |
| 14 | വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക നാളിതുവരെ തിരികെ ഈടാക്കിയില്ല-തടസ്സം 16,625 രൂപ | 3-2 |
| 15 | വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയില്ല -തടസ്സം23,15,519രൂപ | 3-3 |
| 16 | വയലാർ ചെറുതുരുത്തി റോഡ് സൈഡ് പ്രൊട്ടക്ഷൻ - അപാകതകൾ | 3-4 |
| 17 | മരുന്ന് വാങ്ങൽ-അപാകതകൾ | 3-5 |

| | | |
|---|---|---|
| 18 | ദിന വേതനം നല്കിയതിലെ അപാകതകൾ | 3-6 |
| | ഭാഗം - 4 | |
| 19 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 20 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 21 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 22 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 23 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 24 | ഓഡിറ്റ് റിക്കവറി | 4-6 |
| 25 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 26 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 27 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 28 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2016-17 | അനുബന്ധം.1 |
| 29 | ഇൻകം &എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്- 2016-17 | അനുബന്ധം.2 |
| 30 | റസീപ്റ്റ് &പേയ്മെൻറ് സ്റ്റേറ്റ്മെന്റ് 2016-17 | അനുബന്ധം.3 |
| 31 | ബാലൻസ് ഷീറ്റ് 2016-17 | അനുബന്ധം.4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 01.03.2016 ലെ പഞ്ചായത്ത് സമിതി യോഗം അംഗീകരിച്ചു. ബജറ്റ് വരവ് ചെലവും യഥാർത്ഥ വരവ് ചെലവും തമ്മിൽ വലിയ അന്തരമുണ്ട് . ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് | 12,46,92,554 | 12,42,76,174 |
| യഥാർത്ഥം | 4,14,77,436 | 6,12,17,546 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.17 | 27.7.17 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

കണക്കുകൾ പരിശോധിച്ചതിൽ അപാകതയില്ല. ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,45,16,680 |
| വരവ് - | 4,14,77,436 |
| ആകെ - | 7,59,94,116 |
| ചെലവ് - | 6,12,17,546 |
| നീക്കിയിരിപ്പ്- | 1,47,76,570 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,68,54,066 | 1,10,67,273 | 65.66 |
| വികസനഫണ്ട് എസ്.സി.പി. | 0 | 71,69,160 | 65,33,008 | 91.12 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1,43,433 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 26,23,026 | 25,18,581 | 96.01 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 77 | 47,230,063 | 53 | 2,18,88,319 | 24 | 68.83 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനം ഉണ്ട്.

| ഇനം | തൻവർഷം |
|---|---|
| നികുതി വരവുകൾ | 0 |
| നികുതിയേതര വരവുകൾ | 13,511 |
| മറ്റുവരവുകൾ | 50,226 |
| ആകെ | 63,737 |

## 1-8 ക്ഷേമപദ്ധതികൾ

ഇല്ല

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.10.2017. ന് ഹെഡ് ക്ലാർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ഇല്ല എന്നത് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

1. രശീതുകളും രസീതുബുക്കിന്റെ സ്റ്റോക്ക് രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

2.ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി മുൻകൂർ തുക നൽകുന്നുണ്ട്. എന്നാൽ അവ മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ സുഗമമായ നടത്തിപ്പിന് മുൻകൂർ രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

3.RTGS ആയി ലഭിക്കുന്ന/നല്കുന്ന തുകകളുടെ കൃത്യമായ വിവരം സൂക്ഷിക്കേണ്ടതാണ്.

4. മരാമത്ത് പ്രവൃത്തികളിൽ ബ്ലോക്ക് പഞ്ചായത്തിന് അനിവാര്യ ചുമതലകളിൽപ്പെട്ടവയ്ക്ക് മുൻഗണന നല്കേണ്ടതാണ്. കൂടാതെ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുമ്പോൾ മറ്റ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നടപ്പാക്കിയില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

5. തൻവർഷം 5 പ്രോജക്ട് ഉണ്ടായിരുന്നിട്ടും കേവലം ഒരു പ്രോജക്ടാണ് കൃഷി വകുപ്പ് നടപ്പിലാക്കിയത്. പ്രോജക്ട് നടപ്പിലാക്കുന്നതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ വൈകിയതിനാലാണ് യഥാസമയം പദ്ധതി നടപ്പാക്കാൻ കഴിയാതെപോയത് എന്നതിനാൽ ഭാവിയിൽ ഇത്തരം അനാസ്ഥ ഒഴിവാക്കേണ്ടതാണ്.

6. PMAY തുക ഗ്രാമ ജില്ലാ പഞ്ചായത്തുകളിലേക്ക് തിരികെ നല്കുവാനുള്ള തുകകളുടെ കൃത്യമായ വിശദാംശം രജിസ്റ്ററുകൾ പ്രകാരം കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25-07-2016-29-07-2016 | 01-04-2015-31-3-2016 | 28.3.17 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2012-13 -2015-16 | 30.3.2017 – 05.04.2017 | 15.5.2017 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ-ടെൻഡർ ഫോറവില- ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമാക്കിയില്ല.

താഴെ പ്പറയുന്ന പ്രവർത്തികൾക്കായുള്ള ഇ-ടെൻഡർ ഫോറവില ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമാക്കിയില്ല.അവ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | പ്രോജക്ട് | അടങ്കൽ | പങ്കെടുത്തവരുടെ എണ്ണം | ടെൻഡർ ഫോറവില |
|---|---|---|---|---|
| 1 | കടമക്കുടി മൂലംപിള്ളി കോളനി ലിങ്ക് | 5,00,000/- | 2 | 2,100/- |
| 2 | ചേന്നൂർ മാപ്പിളശ്ശേരി റോഡ് മെറ്റലിംഗ് | 5,63,000/- | 5 | 6,300/- |
| 3 | മണിയന്തറ തിട്ടയിൽ നടപ്പാതയുടേയും ഓടയുടേയും നിർമ്മാണം | 5,00,000/- | 7 | 7,350/- |
| 4 | ഹെൽത്ത് സെന്റർ നടപ്പാതയും ഓടയും | 5,00,000/- | 5 | 5,250/- |
| 5 | തെക്കൻ മാലിപ്പുറം മസ്ജിദ് റോഡ് | 5,00,000/- | 1 | 1,050/- |
| 6 | പാപ്പു മെമ്മോറിയൽ റോഡ് | 5,00,000/- | 2 | 2,100/- |
| 7 | ചേരാനെല്ലൂർ 62-ാം നം.എസ്.സി കോളനി | 5,57,000/- | 5 | 6,300/- |
| 8 | മുണ്ടിയത്ത് റോഡ് റീ-ടാറിംഗ്. | 5,00,000/- | 5 | 5,250/- |
| 9 | സ്നേഹതീരം റോഡ് | 5,00,000/- | 3 | 3,150/- |
| 10 | പള്ളിപ്പടി ഗൾഫ് കോർണർ നടപ്പാത | 5,00,000/- | 5 | 5,250/- |
| 11 | സി.എച്ച്. സി. മാലിപ്പുറം നവീകരണം | 5,00,000/- | 2 | 2,100/- |
| 12 | ലിവിപുരം റോഡ് | 5,00,000/- | 4 | 4,200/- |
| 13 | കടമക്കുടി മൂലംപിള്ളി കോളനി ലിങ്ക് | 5,00,000/- | 6 | 6,300/- |
| 14 | മുണ്ടിയത്ത് റോഡ് റീ-ടാറിംഗ്. | 5,00,000/- | 1 | 1,050/- |
| 15 | പാപ്പു മെമ്മോറിയൽ റോഡ് | 5,00,000/- | 2 | 2,100/- |
| 16 | തെക്കൻ മാലിപ്പുറം മസ്ജിദ് റോഡ് | 5,00,000/- | 1 | 1,050/- |
| 17 | പിഴല പാലിയംതുരുത്ത് പൊക്കാളിപ്പാടം | 7,66,759/- | 2 | 3,360/- |
| 18 | ടി.വി. സെന്റർ പാടന്തറ നടപ്പാത | 9,20,000/- | 2 | 4,000/- |
| 19 | പിഴല പി.എച്ച്. സി. സാനിട്ടറി കോംപ്ലക്സ് | 6,00,000/- | 2 | 2,520/- |
| 20 | പൂഴിത്തോട്റോഡ് ഡ്രെയിൻ& കവർ സ്ളാബ് | 5,00,000/- | 4 | 4,200/- |
| 21 | ഐ.എൽ അലക് സാണ്ടർ റോഡ് | 500000/- | 2 | 2,100/- |

| | | | | |
|---|---|---|---|---|
| 22 | ഐ.എൽ അലക്സാണ്ടർ റോഡ് വാർഡ് 6 | 500000/- | 1 | 1,050/- |
| 23 | TV സെന്റർ പാടനത്തറ | 920000/- | 1 | 2,000/- |
| 24 | സാനിറ്ററി കോംപ്ലക്സ് | 7,00000/- | 2 | 2,800/- |
| | ആകെ | | | 82,930/- |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സി.ഡി.പി.ഒ ഓഫീസുകളിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ- അധികം ചെലവഴിച്ച 9,594രൂപ നിരാകരിക്കുന്നു

പ്രോജക്ട്നം :21/17 (സി.ഡി.പി.ഒ ഓഫീസുകളിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ)

നിർവഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി

ചെലവ്തുക : 1,40,300/- രൂപ (റോഡിതരം), (ബിൽ നം 24/16-17/10-3-17-101900/- രൂപ, 34/16-17/24-3-17-38, 400/-രൂപ)

ഓഫീസ് ഉപയോഗത്തിനായി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ആവശ്യപ്പെട്ടുക്കൊണ്ടുള്ള സി.ഡി.പി.ഒയുടെ 19-10-16ലെ കത്ത്, 4-11-16ലെ ജനറൽ കമ്മിറ്റി തീരുമാനം I(4) എന്നിവ പ്രകാരം നടപ്പാക്കിയ ടി പദ്ധതിയിലേക്കാവശ്യമായ കമ്പ്യൂട്ടർ (3), യു.പി.എസ് (3), പ്രിന്റർ (1) വിതരണം ചെയ്യാൻ സർക്കാർ സ്ഥാപനമായ കെൽട്രോണിന് സപ്ലൈ ഓർഡർ നല്കി. ടി സപ്ലൈ ഓർഡർ പ്രകാരം താഴെ പറയുന്ന വിലയിൽ (എല്ലാ നികുതിയും ഉൾപ്പെടെ) കമ്പ്യൂട്ടർ, യു.പി.എസ്സ്, പ്രിന്റർ എന്നിവ നല്കാമെന്ന് സമ്മതിച്ച (caso/qtn/16-17/784,9-12-16) വിശദവിവരം ചുവടെ ചേർക്കുന്നു

കമ്പ്യൂട്ടർ-35,700x3=1,07,106/-
യു.പി.എസ്സ്-2,700x3=8,100/-
പ്രിന്റർ-15,500/-

ആകെ 1,30,706/-

ടി പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ കമ്പ്യൂട്ടറിന് ക്വോട്ട് ചെയ്ത തുകയേക്കാൾ അധികം തുക കെൽട്രോണിന് നല്കി കാണുന്നു വിശദവിവരം ചുവടെ ചേർക്കുന്നു

| നല്കേണ്ട തുക | നല്കിയ തുക | അധികം |
|---|---|---|
| 1,07,106/-(35700x3) | 1,16,700/-(2കമ്പ്യൂട്ടർ-81000,1കമ്പ്യൂട്ടർ-35700) | 9,594/- |

ടി വിഷയം സംബന്ധിച്ച് 23-10-17ൽ നല്കിയ എൻക്വയറി നം 1ന് ലഭ്യമാക്കിയ മറുപടിയിൽ ടി വിഷയം സംബന്ധിച്ച് ഫയൽ വിശദമായി പരിശോധിച്ച് മറുപടി ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് വ്യക്തമാക്കി.

ആയതിനാൽ സി.ഡി.പി.ഒ ഓഫീസുകളിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ പദ്ധതിയിൽ അധികം ചെലവഴിച്ച 9,594/-രൂപ നിർവഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്ന് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

### 3-2 വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക നാളിതുവരെ തിരികെ ഈടാക്കിയില്ല-തടസ്സം 16,625 രൂപ

പ്രോജക്ട്നം:34/17(ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് ഗ്രാമപഞ്ചായത്തിന് നല്കൽ, എളങ്കുന്നപ്പുഴ, ചേരാനെല്ലൂർ)
നിർവഹണ ഉദ്യോഗസ്ഥൻ: സി.ഡി.പി.ഒ ,കളമശ്ശേരി
ചെലവ്തുക: 7,00,000/- രൂപ (വികസനഫണ്ട്),(ബിൽ നം 1/16-17/30-3-17)

ടി പദ്ധതിയിൽ ഉൾപ്പെടുത്തി ചെലവഴിക്കാനായി ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിന് 3,00,000/- രൂപ നല്കി. (ഡിഡി നം 033234/2-2-17) ചേരാനെല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നല്കിയ വിനിയോഗ സാക്ഷ്യപത്രം പരിശോധനയിൽ 2,83,375/- രൂപ മാത്രമേ വിനിയോഗിച്ചിട്ടുള്ളൂയെന്ന് വ്യക്തമാകുന്നു. വിനിയോഗിക്കാതെ അവശേഷിക്കുന്ന 16,625/- രൂപ നാളിതുവരെ തിരികെ ഈടാക്കിയില്ല. ടി തുകയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. ടി തുക തിരികെ ഈടാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 3-3 വിനിയോഗ സാക്ഷ്യ പത്രം ഓഡിറ്റിന് ഹാജരാക്കിയില്ല -തടസ്സം 23,15,519രൂപ

താഴെ പറയുന്നവയുടെ വിനിയോഗ സാക്ഷ്യ പത്രം ഓഡിറ്റിന് ഹാജരാക്കിയില്ല . വിശദ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി നമ്പർ ,ബിൽ നം, നിർവഹണ ഉദ്യോഗസ്ഥൻ | ചെലവഴിച്ച തുക/ഫണ്ടിനം | വിനിയോഗ സാക്ഷ്യപത്രം നല്കേണ്ടയാൾ |
|---|---|---|
| 105/17 (മുളവ്കാട് 89നമ്പർ അംഗൻവാടി കെട്ടിടനിർമ്മാണ പൂർത്തികരണത്തിന് ബ്ലോക്ക് വിഹിതം), 23/16-17/9-2-17, സെക്രട്ടറി | 150000, വികസനഫണ്ട് | സെക്രട്ടറി,മുളവ്കാട് ഗ്രാമപഞ്ചായത്ത് |
| 5/17(വയോജനങ്ങളുടെ സംരക്ഷണം പാലിയേറ്റീവ്-ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം), 15/16-17/24-1-17, 20/16-17/6-3-17, സെക്രട്ടറി | 600000 ,വികസനഫണ്ട് (300000x2) | സെക്രട്ടറി,മുളവ്കാട്/ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് |
| 1/17 (മാലിന്യസംസ്കരണം-ഗ്രാമപഞ്ചായത്തുകൾക്ക് ഒ.ഡി.ഫ് വിഹിതം നല്കൽ), 10/16-17/28-10-16, 21/16-17/6-3-17, 14/16-17/24-1-17, സെക്രട്ടറി | 1282200, വികസനഫണ്ട് (500000-ചേരാനെല്ലൂർ, മുളവ്കാട്-500000, എളങ്കുന്നപ്പുഴ-282200) | സെക്രട്ടറി,മുളവ്കാട്/ എളങ്കുന്നപ്പുഴ/ ചേരാനെല്ലൂർ ഗ്രാമപഞ്ചായത്ത് |
| 102/17(സാമൂഹ്യസുരക്ഷ മിഷന്റെ കുട്ടികൾക്ക് സ്നേഹപൂർവ്വം പദ്ധതിക്ക് വിഹിതം),25/16-17 /10-3-17,സെക്രട്ടറി | 283319രൂപ, വികസനഫണ്ട് | എക്സിക്യൂട്ടിവ് ഡയറക്ടർ കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ , തിരുവനന്തപുരം |
| ആകെ | 2315519 | |

മേൽ പറഞ്ഞ ചെലവുകളുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ 23,15,519/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

## 3-4 വയലാർ ചെറുതുരുത്തി റോഡ് സൈഡ് പ്രൊട്ടക്ഷൻ(വാർഡ്-8, ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത്)-അപാകതകൾ

പ്രോജക്റ്റ് നം. : S0073/16
അടങ്കൽ തുക : 5,00,000/-
ചെലവ് തുക : 4,40,743/- ബിൽ നം . 3/19.12.16
M Book No. : 6/AEE/LSGD/EBP/16-17 ( agreement No.)

ഈ പ്രവർത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം വയലാർ ചെറുതുരുത്തി റോഡ് സൈഡിൽ 62 മീ. എർത്ത് വർക്ക് എസ്കവേഷൻ നടത്തി ഫൌണ്ടേഷനും റീട്ടെയ്നിംഗ് വാൾ നിർമ്മാണവുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഈ പ്രവർത്തിയിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധിക്കപ്പെടുന്നു.

1) എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം 62മീറ്റർ റീട്ടെയ്നിംഗ് വാൾ നിർമ്മാണം എന്നാണ് രേഖപ്പെടുത്തിയിരുന്നത്. എന്നാൽ എം. ബുക്കിൽ 166 മീറ്റർ റീട്ടെയ്നിംഗ് വാൾ (ഫൌണ്ടേഷൻ ഉൾപ്പെടെ) നിർമ്മിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം പ്രവൃത്തിയിൽ മാറ്റം വരുത്തുന്നതിനായി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. (24.10.2017ലെ 6-ാം നമ്പർ ഓഡിറ്റ് എൻക്വയറിയുടെ മറുപടി).

2) 24.10.2017ലെ 6-ാം നമ്പർ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയായി 62 മീറ്റർ ഡ്രൈ റബിൾ ചെയ്തിട്ടുണ്ട് എന്നാണ് രേഖപ്പെടുത്തിയിട്ടുളളത്. എന്നാൽ 166-62=104 മീറ്റർ അധികം പ്രവൃത്തി ചെയ്തതായി M Book ൽ രേഖപ്പെടുത്തിയിട്ടുളളതിനാൽ അധികം ചെലവഴിച്ച തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3) " Side protection work റോഡിന്റെ ഇരുവശവുമായിട്ടാണ് എസ്റ്റിമേറ്റ് എടുത്തത് . എന്നാൽ പരിസരവാസികളുടെ ആവശ്യപ്രകാരം തോടിന്റ പടിഞ്ഞാറു ഭാഗം മാത്രം പ്രവൃത്തി ചെയ്തിട്ടുള്ളതാണ്. കിഴക്ക് ഭാഗത്തേയ്ക്കായി ഫീഷറീസ് വകുപ്പിൽ നിന്നും മറ്റൊരു ഫണ്ടും അനുവദിച്ചിട്ടുള്ളതാണ്" എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട് . ആയതിനാൽ ഫീഷറീസ് വകുപ്പിൽ നിന്നും ചെയ്ത പ്രവൃത്തിയും ലഭിച്ച ഫണ്ടിന്റെ വിനിയോഗവിവരവും ഫിഷറീസ് വകുപ്പ് മുഖേന ചെയ്യുന്ന പ്രവൃത്തിക്ക് ബ്ലോക്ക് പഞ്ചായത്ത് പദ്ധതി തയ്യാറാക്കി തുക ചെലവഴിച്ചതും സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ കൂടുതൽ അന്വേഷണത്തിനായി ഭരണവകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

മേൽപ്പറഞ്ഞ പ്രകാരം ന്യൂനതകൾ ഉള്ളതിനാലും അധികം പ്രവൃത്തി ചെയ്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ലാത്തതിനാലും ഈ പ്രവൃത്തിയ്ക്കായി ചെലവഴിച്ച തുക 4,40,743/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 മരുന്ന് വാങ്ങൽ അപാകതകൾ

1.സി.എച്ച്. സി. പിഴലയ്ക്ക് മരുന്ന് വാങ്ങൽ

| | |
|---|---|
| പ്രോജക്റ്റ് നം | S0040/17 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, സി.എച്ച്. സി. പിഴല. |
| അടങ്കൽ | 2,00,000/-രൂപ |
| ചെലവ് | 2,00,000/--രൂപ (ബിൽ നം.1/16-17/തി. 24.03.17) |

പിഴല പി.എച്.സിയിലേയ്ക്ക് മേൽ പദ്ധതി പ്രകാരം 2,00,000/- രൂപയുടെ മരുന്ന് ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങിയിട്ടുണ്ട്. ഈ മരുന്നുകൾക്കായി 7ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ട്. 02/2017-ൽ മാത്രം 01.02.2017, 15.02.2017, 17.02.2017, 20.02.2017, 23.02.2017 എന്നീ തിയതികളിലായി 5 ക്വട്ടേഷൻ ക്ഷണിച്ചു. കുറഞ്ഞ തുക ക്വാട്ട് ചെയ്ത "കാർത്തിക് ഫാർമ എറണാകുളം" എന്ന സ്ഥാപനത്തിൽ നിന്നാണ് എല്ലാ മരുന്നുകളും വാങ്ങിയിരിക്കുന്നത്. അതായത് വാർഷിക ആവശ്യകതാ നിർണ്ണയം നടത്തി ഇൻഡന്റ് തയ്യാറാക്കാത്തതിനാലാണ് ഇപ്രകാരം ക്വട്ടേഷൻ ക്ഷണിച്ച് മരുന്ന് വാങ്ങേണ്ടിവന്നത്. ഇത് KFC Vol II ച. 6.4 ന് വിരുദ്ധമാണ്. മാത്രമല്ല വാങ്ങിയ മരുന്ന് സ്റ്റോക്കിലെടുക്കുകയും വേണം. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മരുന്നുകൾ സ്റ്റോക്കിൽ ചേർത്തതിന്റെയും വിതരണം നടത്തിയതിന്റെയും വിവരം ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

2.പി.എച്ച്. സി. ചേരാനെല്ലൂരിന് മരുന്ന് വാങ്ങൽ

| | |
|---|---|
| പ്രോജക്റ്റ് നം | S0031/17 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, ഗവ. ഹോസ്പിറ്റൽ. |
| അടങ്കൽ | 1,00,000/-രൂപ |
| ചെലവ് | 1,00,000/--രൂപ (ബിൽ നം.8/16-17 തി. 17.01.17) 10,000/-ഡി.ഡി. നം. 583955/20.01.17- നീതി സ്റ്റോർ; 90,000/- ഡി. ഡി. നം. 583954/20.01.17- കെ. എം.എസ്. സി. എൽ) |

മുകളിൽ വിശദമാക്കിയിരിക്കുന്ന പദ്ധതിയ്ക്ക് 10,000/- രൂപ ഡി.ഡി നം. 583955/20.01.17 പ്രകാരം നീതി സ്റ്റോറിനും , 90,000/- ഡി. ഡി. നം. 583954/20.01.17 പ്രകാരം കെ. എം.എസ്. സി. എല്ലിനും നൽകിയിട്ടുണ്ട്.നീതി സ്റ്റോറിനു നൽകിയ 10,000/-രൂപയുടെ മരുന്ന് ലഭ്യമായിട്ടുള്ളതാണ്. എന്നാൽ 02.09.17 ന് ഇൻവോയിസ് നം: 3124 പ്രകാരം 66,637/- രൂപയുടെ മരുന്നുകൾ മാത്രമാണ് കാരുണ്യ മെഡിസിൻ ഡിപ്പാർട്ടുമെന്റിൽ നിന്നും ലഭിച്ചിട്ടുള്ളത്. 23,363/- രൂപയുടെ മരുന്നുകൾ ഇനിയും ലഭിച്ചിട്ടില്ല. ആയവ എത്രയും പെട്ടെന്ന് ലഭ്യമാക്കി രോഗികൾക്ക് വിതരണം ചെയ്യാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3.സി.എച്ച്. സി. മാലിപ്പുറത്തിന് മരുന്ന് വാങ്ങൽ

| | |
|---|---|
| പ്രോജക്റ്റ് നം | S0035/17 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, സി.എച്ച്. സി. മാലിപ്പുറം. |
| അടങ്കൽ | 2,23,000/-രൂപ |
| ചെലവ് | 2,23,000/--രൂപ( (ബിൽ നം.1/16-17/തി. 30.01.17)പ്രകാരം മാനേജിങ് ഡയറക്ടർ,കെ. എം.എസ്. സി. എൽ, തൈക്കാട് പി.ഒ. |

| | |
|---|---|
| | തിരുവനന്തപുരം. |

ജി.ഒ.(എം.എസ്)4/2016, ത.സ്വ.ഭ.വ. 11.1.2016 പ്രകാരം അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നു മാത്രമേ വാങ്ങാവൂ. എന്നാൽ മുകളിൽ വിശദമാക്കിയിരിക്കുന്ന പദ്ധതിയ്ക്ക് 2,23,000/-രൂപ. മാനേജിങ് ഡയറക്ടർ,കെ. എം.എസ്. സി. എൽ, തൈക്കാട് പി.ഒ. തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ഒന്നും നാളിതുവരെ ലഭിച്ചിട്ടില്ല. ആയവ എത്രയും പെട്ടെന്ന് ലഭ്യമാക്കി രോഗികൾക്ക് വിതരണം ചെയ്യാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗവ. ഉത്തരവ് പ്രകാരമുള്ള സ്ഥാപനങ്ങളിൽ നിന്നും മരുന്നുകൾ വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 ദിവസവേതനം നൽകിയതിലെ അപാകത

താഴെ പറയുന്ന ജീവനക്കാർക്ക് ഹാജർ പുസ്തകത്തിലെ രേഖപ്പെടുത്തലോ മസ്റ്റർ റോൾ തയ്യാറാക്കുകയോ ചെയ്യാതെ വേതനം നൽകിയതായി കാണുന്നു. വിശദാംശം താഴെ ചേർക്കുന്നു.

1. മാർഗരറ്റ് ചിൽസി-ഡേറ്റാ എൻറി ഓപ്പറേറ്റർ

| ക്രമനം | വൗച്ചർ നം | വേതനം | | ചെക്. നം./തിയതി |
|---|---|---|---|---|
| | | മാസം | തുക | |
| 1 | 27/16-17 | 6/2016 675*5 | 3,375/- | 1524406/20.06.16 |
| 2 | 38/16-17 | 7/2016 675*11 | 7,425/- | 1524418/23.07.16 |
| 3 | 50/16-17 | 8/2016 675*22 | 14,850/- | 1524430/26.08.16 |
| 4 | 58/16-17 | 29.08.16-05.09.16 | 4,050/- | 1524438/08.09.16 |
| 5 | 86/16-17 | 24.09.16-2.11.16 675*4 | 2,700/- | 1524469/22.11.16 |
| 6 | 93/16-17 | 11/2016 675*9 | 6,075/- | 1524478/01.12.16 |
| 7 | 104/16-17 | 12/2016 675*8 | 5,400/- | 1524489/23.12.16 |
| 8 | 121/16-17 | 1/2017 675*5 | 3,375/- | 2188211/30.01.17 |
| ആകെ | | | 47,250/- | |

2. ശ്രീ.ജോർജ്ജ്. ടി. ഒ.ഡ്രൈവർ
വാഹനം-Kl-07 BT 9199

| ക്രമ നം. | വൗച്ചർ നം. | മാസം | തുക | ചെക് നം./തിയതി |
|---|---|---|---|---|
| 1 | 9/16-17 | 4/16 | 12150/- | 0077086/13.04.16 |
| 2 | 24/16-17 | 5/16 | 16900/- | 1524403/06.06.16 |
| 3 | 34/16-17 | 6/16 | 17550/- | 1524414/04.07.16 |
| 4 | 38/16-17 | 7/16 | 17550/- | 1524421/09.08.16 |
| 5 | 54/16-17 | 8/16 | 17550/- | 1524434/07.09.16 |
| 6 | 71/16-17 | 9/16 | 16250/- | 1524454/05.10.16 |
| 7 | 78/16-17 | 10/16 | 16900/- | 1524461/03.11.16 |
| 8 | 96/16-17 | 11/16 | 17550/- | 1524481/05.12.16 |
| 9 | 109/16-17 | 12/16 | 17550/- | 1524495/09.01.17 |
| 10 | 124/16-17 | 01/17 | 17550/- | 2188214/01.02.17 |
| 11 | 137/16-17 | 02/17 | 16900/- | 2188228/03.03.17 |
| ആകെ | | | 184400/- | |

ഹാജർ പുസ്തകം, മസ്റ്റർ റോൾ തുടങ്ങിയ ആധികാരിക രേഖകളില്ലാതെ ഡേറ്റാ എൻട്രി ഓപ്പറേറ്റർ ശ്രീമതി മാർഗരറ്റ് ചിൽസി, ഡ്രൈവർ ശ്രീ ജോർജ്ജ് ടി. ഒ. എന്നിവർക്ക് വേതനം നൽകിയതിന്റെ കാരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം 9 ന് ലഭിച്ച മറുപടിയിൽ 10/2017 മുതൽ സൂക്ഷിക്കുന്നതാണ് എന്നാണ് വ്യക്തമാക്കിയത്. വ്യക്തമായ രേഖകളില്ലാതെ ദിന വേതനം നൽകിയത് പുനഃപരിശോധിക്കേണ്ടതും അധിക തുക നൽകിയിട്ടുണ്ടെങ്കിൽ അവ തിരികെ ഈടാക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 49,32,016 | 14,48,832 | PMAY | 2627525 | 37,53,323 |
| ജില്ല പഞ്ചായത്ത് | 24,83,839 | 75,15,125 | " | 61,34,482 | 38,64,482 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുക

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 4,14,77,436 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,12,17,546 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 9,594 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 27,72,887 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 9,594 | ശ്രീ.കുഞ്ഞുമോൻ,സെക്രട്ടറി |
| | | | |
| ആകെ | | 9,594 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 16,625 | ശ്രീ.കുഞ്ഞുമോൻ,സെക്രട്ടറി |

| | | |
|---|---|---|
| 3-3 | 23,15,519 | ശ്രീ.കുഞ്ഞുമോൻ,സെക്രട്ടറി |
| 3-4 | 4,40,743 | |
| ആകെ | 27,72,887 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കുഞ്ഞുമോൻ,സെക്രട്ടറി | സെക്രട്ടറി ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | ശ്രീ.കുഞ്ഞുമോൻ കാവ്യശ്രീ, പാലാത്തുരുത്ത്, എളംകുളം , കടവന്ത്ര (P.O) |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1995-96, 1996-97 | എൽ.എഫ് ഇ (ബി.പി) 331/99 തീ. 14.10.99 | എല്ലാ ഖണ്ഡികകളും |
| 1997-98 | എൽ.എഫ്.ഇ(സി)1037/02 തീ.3.12.01/30.3.02 | - |
| 1998-99 | എൽ.എഫ്.ഇ.(സി) 166/01 തീ12.1.02/27.3.02 | - |
| 2000-01 | എൽ.എഫ്.ഇ.(സി)728/05 തീ. 17.7.06 | - |
| 2005-06 | എൽ.എഫ്.ഇ(സി)196/08 തീ.4.8.08/28.4.09 | - |
| 2006-07 | എൽ.എഫ്.ഇ( സി) 197/08 തീ.4.8.08/28.4.09 | - |
| 2010-11, 2011-12 | എൽ.എഫ്.ഇ(ബി.പി)300/13 തീ.23.4.13/14.5.13 | - |
| 2013-14 | കെ.എസ്.എ-ഇ.കെ.എം (ബിപി.1) 1456/2015 തീ. 13/8/2015 | - |
| 2014-15, 2015-16 | കെ.എസ്.എ-ഇ.കെ.എം (ബിപി.1) 1574/2016തീ5.10.16 | - |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം.

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2016-17

നം.കെ.എസ്.എ.ഇ.കെ.എം(ബി.പി)2037/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in
തീയതി : 05.12.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇടപ്പള്ളി ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

APPENDIX – I

AUDIT CERTIFICATE – 2016-17

No.KSA-EKM(BP)2037/17

Kerala State Audit Department
District Audit Office,
Ernakulam Civil Station,
Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in
Date : 05.12.2017

Certified that I have audited the Annual Financial Statement of Edappally Block Panchayat in Ernakulam District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of Edappally Block Panchayat for the year 2016-17 except the observations in my audit report prorperly presents the picture of income and expenditure.

Joint Director